## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. **1492** 13/6/2014 ൽ മറുപടിയ്ക്ക്

## കുട്ടനാട് പാക്കേജ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. മുല്ലക്കര രത്നാകരൻ | **ശ്രീ. കെ.പി. മോഹനൻ**<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| (എ) കുട്ടനാട് പാക്കേജ് നടപ്പിലാക്കുന്നതിലുണ്ടാകുന്ന കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| (ബി) പ്രസ്തുത കാലതാമസം പരിഹരിക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കാമോ ? | (ബി) കുട്ടനാട് പാക്കേജിലെ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് സർക്കാർ മൂന്ന് തലത്തിലുള്ള കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. ബഹു. മുഖ്യമന്ത്രി, ചീഫ് സെക്രട്ടറി, കാർഷികോല്പാദന കമ്മീഷണർ എന്നിവർ തലവന്മാരായ ടി കമ്മിറ്റികൾ യോഗം കൂടുകയും പദ്ധതി നടപ്പിലാക്കുന്ന വിവിധ വകുപ്പ് മേധാവികൾക്ക് പദ്ധതികളുടെ സമയബന്ധിതമായ നിർവ്വഹണത്തിന് നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നു. ഇവയ്ക്ക് പുറമേ ബഹു. കൃഷി വകുപ്പ് മന്ത്രി അദ്ധ്യക്ഷനായി അവലോകന യോഗങ്ങൾ കൂടുകയും പദ്ധതികൾ അവലോകനം നടത്തി നിർവ്വഹണം ഊർജ്ജിതപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകി വരുന്നു. കുട്ടനാട് പാക്കേജിൻ കീഴിൽ നടപ്പിലാക്കുന്ന 1840 കോടി രൂപയുടെ പദ്ധതികളിൽ ജലസേചന വകുപ്പിൻകീഴിൽ വരുന്ന 1518.50 കോടി രൂപയുടെ പദ്ധതികൾ ഒഴിച്ചുള്ള വകുപ്പുകളുടെ പദ്ധതികളുടെ അന്തിമ ഘട്ടങ്ങളിലാണ്. ജലസേചന വകുപ്പിന്റെ പദ്ധതികൾക്ക് അനുയോജ്യമായ മാനദണ്ഡങ്ങളുള്ള കേന്ദ്ര സ്കീമുകൾ |

കണ്ടെത്തുന്നതിനുള്ള കാലതാമസവും, പദ്ധതികൾക്ക് കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സാങ്കേതിക അനുമതിയും കേന്ദ്ര ജല കമ്മീഷന്റെ അനുമതിയും ലഭിക്കുന്നതുമായി ബന്ധപ്പെട്ട് കാലതാമസം നേരിട്ടിട്ടുണ്ട്. എന്നാൽ നിലവിൽ ഭൂരിഭാഗം പദ്ധതികളും അംഗീകാരം ലഭിച്ച് ടെണ്ടർ ചെയ്ത് വരികയാണ്. എന്നാൽ ടെണ്ടറിന് വേണ്ട വിധത്തിലുള്ള പ്രതികരണം ലഭിക്കുന്നില്ല എന്നതു കാരണം പദ്ധതികൾ നടപ്പിലാക്കുന്നതിൽ കാലതാമസം ഉണ്ടാവുന്നുണ്ട്. ജലസേചന വകുപ്പ് മുഖേന നാളിതു വരെ 142.49 കോടി രൂപയുടെ പദ്ധതികൾ പൂർത്തിയാക്കിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**